# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

No. 29A/2015

കർത്താവിൽ നമ്മുടെ ..............................................................................................................................
പള്ളി വികാരിയും സഹപട്ടക്കാരും പള്ളിക്കൈസ്ഥാനികളും ഭരണസമിതിയംഗങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

അത്യധികം ഗൗരവത്തോടെ പരിഗണിക്കേണ്ടതായ ഒരു വിഷയം കൂടി നാം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. പ. സഭയുടെ വരുമാനങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ആദായനികുതി ഇളവ് ലഭിച്ചിട്ടുണ്ടെന്ന വിവരം നിങ്ങൾക്കും അറിവുള്ളതാണല്ലോ. ഈ ആനുകൂല്യം മുടക്കം കൂടാതെ ലഭിക്കണമെങ്കിൽ തൽസംബന്ധമായി കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ നമ്മൾ പൂർണ്ണമായും പാലിക്കേണ്ടതുണ്ട്. അതിൻപ്രകാരം ബാങ്ക് ഇടപാടുകൾ ഷെഡ്യൂൾഡ്/നാഷനലൈസ്ഡ്/കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽ കൂടി മാത്രം നിർവ്വഹിക്കണം. ഏതെങ്കിലും പള്ളിയോ, സ്ഥാപനമോ സഭയുടെ പാൻകാർഡ് ഹാജരാക്കി പലിശ ഇനത്തിലോ മറ്റേതെങ്കിലും ഇനത്തിലോ ആനുകൂല്യങ്ങൾനേടിയിട്ടുണ്ടെങ്കിൽ പ്രസ്തുത തുക പരിശുദ്ധ സഭയുടെ കൺസോളിഡേറ്റഡ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പള്ളികളും മെത്രാസനങ്ങൾക്കു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും അവയുടെ കണക്കുകൾ സാമ്പത്തിക വർഷാവസാനം ക്ലോസ് ചെയ്ത് ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിപ്പിച്ച് ബാലൻസ് ഷീറ്റ് സഹിതം നിശ്ചിത തീയതിക്കുള്ളിൽ മെത്രാസന കേന്ദ്രങ്ങളിൽ ഏൽപിക്കേണ്ടതും മെത്രാസനങ്ങൾ മെത്രാസന വരവുചെലവിനോടൊപ്പം ഇടവകകളുടെയും സ്ഥാപനങ്ങളുടെയും കണക്കുകൾ കൺസോളിഡേറ്റ് ചെയ്ത് കേന്ദ്ര ഓഫീസിൽ നൽകേണ്ടതുമാണ്. ഇപ്രകാരം ലഭിക്കുന്ന കണക്കുകൾ കൺസോളിഡേറ്റ് ചെയ്താണ് സഭാ കേന്ദ്രത്തിൽ നിന്നും ഇൻകംടാക്സ് റിട്ടേൺ സമർപ്പിക്കുന്നത്. ഇതിന് വീഴ്ചവരുത്തിയാൽ താങ്ങാനാവാത്ത നഷ്ടങ്ങൾ ഉണ്ടാവുമെന്നതിനാൽ ഇക്കാര്യം അങ്ങേയറ്റം ശ്രദ്ധിക്കേണ്ടതുണ്ട്. പരിശുദ്ധ സഭയുടെ പാൻ (PAN) കാർഡ് അനധികൃതമായി ഉപയോഗിക്കുകയും സഭയുടെ കൺസോളിഡേറ്റഡ് കണക്കിൽ ചേർക്കത്തക്കവിധത്തിൽ കണക്കുകൾ ലഭ്യമാക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഇടവകകൾക്കോ സ്ഥാപനങ്ങൾക്കോ ഉണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾക്ക് പരിശുദ്ധ സഭ ഉത്തരവാദിയായിരിക്കുകയില്ല. ആയതിനാൽ കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾക്ക് വിധേയമായും പരിശുദ്ധ സഭയുടെ ഇൻകംടാക്സ് എക്സംപ്ഷൻ സംരക്ഷിക്കത്തക്കവിധത്തിലും കണക്കുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ. സഭയുടെ ചാർട്ടേഡ് അക്കൗണ്ടന്റ്, കാതോലിക്കാദിന കവർ വിതരണയോഗത്തിൽ നൽകുന്നതാണ്. ആയതിനാൽ ആ ഇടവകവികാരിയും, കൈസ്ഥാനികളും, സെക്രട്ടറിയും, അക്കൗണ്ടന്റും ........................ തീയതി ................. മണിക്ക് .......................... ...............................................................................ൽ വച്ച് നടത്തപ്പെടുന്ന മെത്രാസനതല യോഗത്തിൽ നിർബന്ധമായും സംബന്ധിച്ചിരിക്കേണ്ടതാണ്. നമ്മുടെ മുൻകൂർ അനുവാദം കൂടാതെ ആരും ഈ സമ്മേളനത്തിൽ നിന്ന് വിട്ടുനിൽക്കുവാൻ പാടുള്ളതല്ല.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

2015 ഫെബ്രുവരി മാസം 12 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.